
വാല്യം 26 ജൂൺ 2018

# അഗപെ കയ്യെഴുത്തു മാസിക



ലേഖനം - ബ്രദർ :സാജു ജോൺ മാത്യു

ലേഖനം - ബ്രദർ :നൈനാൻ തോമസ്

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു.

കൊലൊസ്സ്യർ 1 :28



agape

# ഉള്ളടക്കം


1, മുഖവുര 04

2, ആദ്യം ഇരുന്നു കണക്കു നോക്കുക 07

ബ്രദർ :സാജു ജോൺ മാത്യു

3, പുരോഹിതനും [മഹാ]പുരോഹിതവർഗ്ഗവും 10

ബെന്നി ജോർജ്ജ് മണലി

4, ദൈവം അടുത്തിരിക്കുന്നു... 16

ബ്രദർ :നൈനാൻ തോമസ്

5, മിഷനറി ചരിത്രം 22

വില്യം കേറി

6, അനുതാപം 25

ഷിബു ഡാനിയേൽ

7, കവിത 33

ജോബി ഡി ജോൺ

8, ചോദ്യാവലി 34

സാഹചര്യങ്ങൾ ഒരിക്കലും സുവിശേഷി കരണത്തിനു അനുകൂലമായിരിക്കില്ല എവിടെയും... അനുകൂലമല്ലാത്ത സാഹ ചര്യത്തിൽ അതിനോട് താദാത്മ്യപ്പെട്ടു പോകുകയാണ് ഇന്നു മിക്ക സഭകളും.. സുഖങ്ങൾ നമ്മെ അത്രെയേറെ സ്വാധി നിച്ചുകഴിഞ്ഞു. സുവിശേഷികരണത്തിൽ കഷ്ടതയുണ്ടെന്നോ, ഒരു പക്ഷെ ജീവൻ ത്യജിക്കേണ്ടി വരുമെന്നോ, എഴുതുകയോ പ്രസംഗിക്കുകയോ, അങ്ങനെയാകുവാൻ ഉത്സാഹിക്കുകയോ ചെയ്താൽ നമ്മൾ പെട്ടെന്നു അസ്വസ്ഥരാകും... കാരണം വിട്ടുപിരിയുവാൻ സാധിക്കാത്ത വിധം നമ്മിൽ സ്വാധിനം ചെലുത്തുന്ന അനേകം സംഗതികൾ ഉണ്ടത്രേ!



പ്രവർത്തിയില്ലാത്ത സഭയെയാണ് എല്ലാവർക്കും ഇഷ്ടം. പുറത്തുള്ളവർക്കും, അകത്തുള്ളവർക്കും, വിരോധികൾക്കും, പിശാചിനും... ക്രൈസ്തവൻ എന്ന നാമധേയം ലഭിച്ചു കഴിഞ്ഞാൽ, ജീവിക്കുവാനുള്ള ചുറ്റുപാടായാൽ, പണം അധികമായി കൈകളിലെത്തിയാൽ, പിന്നെ ആത്മാക്കളുടെ രക്ഷയെക്കാൾ, സമ്പാദിച്ച സ്ഥാവര ജംഗമ വസ്തുക്കൾ സൂക്ഷിക്കുക എന്നതായിരിക്കും പ്രധാന ലക്ഷ്യം. കഷ്ടിച്ച് കടന്നു പോകുന്ന ഒരു പ്രസ്ഥാനത്തിന്റെയോ, സഭയുടെയോ ഭരണസാരഥ്യം വഹിക്കുവാൻ മിക്കവരും തയ്യാറാകില്ല. നീക്കിയിരുപ്പുള്ള, കെട്ടുറപ്പുള്ള, സാമ്പത്തികം പ്രയോജനമുള്ളവ വഹിക്കുവാൻ ആളുകൾക്ക് ഉത്സാഹമായിരിക്കും. ഇങ്ങനെയുള്ള നേതൃത്വത്തെ ജനം അറിയും, ബഹുമാനിക്കും....

ഏതു സാഹചര്യത്തിലും സുവിശേഷീകരണമാണ് സഭയുടെ ആത്യന്തിക ലക്ഷ്യം. അതിനായിട്ടായിരിക്കണം നമ്മുടെ വിഭവങ്ങളുടെ സിംഹഭാഗവും വിനിയോഗിക്കേണ്ടത്. ദയനീയമെന്നു പറയട്ടെ ഒട്ടുമിക്കവരും നേരെ വിപരീതമായിട്ടാണ് പ്രവർത്തിക്കുന്നത്. സുഖങ്ങളും, ചുറ്റുപാടുകളും വർദ്ധിക്കുന്നതു മുഖാന്തിരം ഉണ്ടാകുന്ന വലിയൊരു പ്രതിസന്ധി, ദൈവത്തെ ജനിപ്പിക്കുകയും ഇവയെല്ലാം വിട്ടുപിരിയുവാനുള്ള മനസ്സില്ലാത്തവരുമായി നാം മാറിപ്പോകുന്നു എന്നുള്ളതാണ്. ഒരിക്കൽ വിട്ടുപിരിഞ്ഞതിനെ വീണ്ടും വീണ്ടും ഓർത്തു മടങ്ങിപ്പോകാനും തന്നെയെല്ലാം കൂടി വയ്ക്കുന്ന ദുരവസ്ഥ.

സാഹചര്യങ്ങൾ ഒരിക്കലും സുവിശേഷീകരണത്തിന് അനുകൂലമായിരിക്കില്ല എവിടെയും... അനുകൂലമല്ലാത്ത സാഹചര്യത്തിൽ അതിനോട് താദാത്മ്യപ്പെട്ടു പോകുകയാണ് ഇന്നു ഒട്ടുമിക്ക സഭകളും. സുഖങ്ങൾ

നമ്മെ അത്രയേറെ സ്വാധീനിച്ചു കഴിഞ്ഞു.
സുവിശേഷീകരണത്തിൽ കഷ്ടതയുണ്ടെന്നോ, ഒരു പക്ഷെ ജീവൻ ത്യജിക്കേണ്ടി വരുമെന്നോ, എഴുതുകയോ, പ്രസംഗിക്കുകയോ, അങ്ങനെയാകുവാൻ ഉത്സാഹിക്കുകയോ ചെയ്താൽ നമ്മൾ പെട്ടന്ന് അസ്വസ്ഥരാകും... കാരണം വിട്ടു പിരിയുവാൻ സാധിക്കാത്ത വിധം നമ്മിൽ സ്വാധീനം ചെലുത്തുന്ന സംഗതികൾ അനേകം ഉണ്ടത്രെ.

എന്തും ചെയ്യുവാൻ കെൽപുള്ളതും അധികാരമുള്ളതും അതിനു ക്രൂരമനസ്സുള്ളവരുമായ രാജ്യഭർത്താക്കൻമാർ വാഴുന്ന കാലത്താണ് ഏലിയാവിനെ ദൈവം അയക്കുന്നതു അഹാബിനോടു സംസാരിക്കുവാൻ.

പിൽക്കാലത്തു യേശു കർത്താവിന്റെ വരവിനു വഴിയൊരുക്കുവാൻ കടന്നു വന്ന യോഹന്നാൻ സ്നാപകൻ ഒരു കൂട്ടം ക്രൂരൻമാരായ ഭരണാധികാരികൾ വാഴുന്ന സമയത്താണ് മാനസാന്തരത്തിന്റെ സുവിശേഷവുമായി കടന്നു വന്നത്. അനുകൂലമായ സാഹചര്യത്തിൽ സുവിശേഷം അറിയിക്കുവാൻ സാദ്ധ്യമല്ല. കാരണം സുവിശേഷത്തിന് അനുകൂലമായ സാഹചര്യം ഒരിക്കലും ഉണ്ടാകില്ല. എതിർപ്പുകളുണ്ടാകും കാരണം അതു സത്യമാണ്, അതു മാത്രമാണ് സത്യം. വിലയുള്ളതാണ്... അതിനാൽ വില കൊടുക്കേണ്ടി വരും.. ജിം എലിയട്ടിന്റെ ഒരു വാചകത്തോടെ അവസാനിപ്പിക്കട്ടെ.

"നഷ്ടപ്പെടാത്തതിനെ നേടുന്നതിനു വേണ്ടി സൂക്ഷിച്ചു വയ്ക്കുവാൻ കഴിയാത്തതു ഉപേക്ഷിക്കുന്നവൻ ഒരിക്കലും ഭോഷനല്ല."



ബ്രദർ :സാജു ജോൺ മാത്യു



# ആദ്യം ഇരുന്നു കണക്കു നോക്കുക

വായനാഭാഗം :ലൂക്കോസ് 14: 25-35

നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിവാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്നു അതു തീർപ്പാൻ വക ഉണ്ടോ എന്നു കണക്കു നോക്കുന്നില്ലയോ? (വാക്യം 28)

രാജു ദരിദ്രനായാണ് ജനിച്ചത്. അവനു ഒരു പലചരക്കുകടയിൽ ചെറിയ ജോലിയുണ്ടായിരുന്നു. തനിക്ക് സ്വന്തമായി ഒരു വീടുണ്ടാകുന്നത് – അവൻ എന്നും സ്വപ്നം കണ്ടിരുന്നു. തന്റെ സമ്പാദ്യമെല്ലാം കൊടുത്ത് അവനൊരു ചെറിയ തുണ്ട് ഭൂമി വാങ്ങി. പലയിടങ്ങളിൽ നിന്നും വായ്പ വാങ്ങിയ പണവുമായി അവൻ മൂന്നു കിടപ്പുമുറികളുള്ള ഒരു വീടിന് അടിസ്ഥാനം ഇട്ടു. എന്നാൽ അടിസ്ഥാനം കഴിഞ്ഞപ്പോൾ തുടർന്നുള്ള പണികൾക്കായി തന്റെ കയ്യിൽ പണമില്ലാതായി. അതേ സമയം തന്നെ ജോലിയും നഷ്ടമായതിനാൽ അവൻ ദാരിദ്ര്യത്തിന്റെ കയത്തിലേക്കു വീണു.



അവന്റെ ഭാര്യയും മക്കളും പട്ടിണിയിലായി. മാസങ്ങളായി വാടക കൊടുക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ താമസിച്ചുകൊണ്ടിരുന്ന വീട്ടിൽ നിന്നു പോകേണ്ടി വന്നു. ഒടുവിൽ തന്റെ സ്വപ്ന വീടിന്റെ (അടിസ്ഥാനത്തിന്റെ) അരികെ ഒരു കുടിലിലേക്കു മാറേണ്ടി വന്നു. അതു വഴി കടന്നു പോയവർ ആ കുടിലിലേക്കു നോക്കി അടക്കം പറഞ്ഞു. "കഷ്ടം! അടിസ്ഥാനമിടുന്നതിനു മുൻപു അതിന്റെ ചിലവിനെ കുറിച്ചു അയാൾ കണക്കു കൂട്ടിയില്ല."

യേശുവിന്റെ ശിഷ്യനാകുക എന്നത് ഒരു ഗോപുരമോ അല്ലെങ്കിൽ വീടോ പണിയുന്നതിനു തുല്യമാണ്.

ഒരു വീടുണ്ടാക്കുവാൻ നിങ്ങൾക്ക് ഇഷ്ടികകളും, സിമന്റും, തടിയും, അദ്ധ്വാനവും [വിയർപ്പും] ചിലവിടേണ്ടതുണ്ട്. അതുപോലെ നിത്യത (നിത്യജീവനു) ഒരു യാഥാർത്ഥ്യമാക്കുവാൻ നിങ്ങളുടെ പല സുഖങ്ങളും, സ്വത്തും, സ്ഥാനമാനങ്ങളുമെല്ലാം ഉപേക്ഷിക്കേണ്ടതായി വരും. യേശു പറഞ്ഞു: "നിങ്ങൾക്ക് എന്നെ അനുഗമിക്കണമെങ്കിൽ ആദ്യം ഇരുന്ന് അതിനു കൊടുക്കേണ്ട വിലയെപ്പറ്റി ഗൗരവമായി ചിന്തിക്കുക. നിങ്ങൾക്ക് എന്നിലുള്ള വിശ്വാസം മൂലം നിങ്ങളുടെ, അപ്പൻ, അമ്മ, ഭാര്യ, മക്കൾ, സഹോദരന്മാർ, സഹോദരിമാർ ഇവരെല്ലാം നിങ്ങളെ വിട്ടു പോയേക്കും. എന്നാൽ എനിക്കു കാണേണ്ടത് നിങ്ങൾ എന്നെ പ്രഥമസ്ഥാനത്ത് നിർത്തിയിരിക്കുന്നതാണ്. അല്ലാതെ നിങ്ങളുടെ മാതാപിതാക്കളെയോ, ജീവിത പങ്കാളിയെയോ, സഹോദരങ്ങളെയോ അല്ല."

അങ്ങനെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടു പിരിയുന്നില്ല എങ്കിൽ എന്റെ ശിഷ്യനായിരിക്കുവാൻ കഴിയില്ല. യേശുവിന്റെ ശിഷ്യനാകണമെങ്കിൽ നിങ്ങൾ ഈ വിലയൊക്കെ കൊടുത്തേ മതിയാകൂ. എന്തെങ്കിലും നഷ്ടമാകാതെ ഒന്നും നേടാനാവില്ല. എങ്കിലും അത് മൂല്യമുള്ളതാണ്. നേടാൻ പോകുന്നതുമായി തുലനം ചെയ്താൽ നഷ്ടമാകിയത് ഒന്നുമില്ല.

പ്രാർത്ഥന: യേശുവേ, ഞാൻ എന്നെത്തന്നെ ത്യജിച്ച് എന്റെ കുരിശെടുക്കുവാൻ തീരുമാനിക്കുന്നു. അങ്ങ് എന്റെ കർത്താവാണ്. അങ്ങെന്റെ എല്ലാമാണ്. ഞാൻ ഇവിടെ നഷ്ടമാകുന്നതെല്ലാം (ത്യജിക്കുന്നതെല്ലാം) നിത്യതയ്ക്കുള്ള സമ്പാദ്യമാണെന്ന മനസ്സിലാക്കുവാൻ എന്നെ സഹായിക്കണമെ... ആമേൻ.

കൂടുതൽ വായനക്കായി - മത്തായി 10:32-39, ലൂക്കാസ്. 19:1-10



ബ്രദർ. ബെന്നി ജോർജ്ജ് മണലി

# പുരോഹിതനും [മഹാ]പുരോഹിതവർഗ്ഗവും



ഇതു തിരിച്ചു പോക്കുകളുടെ കാലമാണ്
പഴമയെ തേടി പോകുന്നവരുടെ കാലം. പഴയ മോഡലി
ലുള്ള വീടുകൾ, ഉപകരണങ്ങൾ, ഭക്ഷണ സമ്പ്രദായം എല്ലാം.
അതെ പുതിയ മനുഷ്യന്റെ വിരസതയുളവാക്കുന്നതാവോ?
എന്നാൽ ഞാൻ പറയുവാനുദ്ദേശിക്കുന്നത് ആ തിരിച്ചു
പോക്കിനെക്കുറിച്ചല്ല. ഇന്നത്തെ വേർപാടിന്റെ രുചി അറിഞ്ഞ്
വിശ്വാസജീവിതം നയിച്ച ജനം, ഇടയൻമാർ ഉൾപ്പെടെ ഒരു
തിരിച്ചു പോക്ക്. അല്ല തിരിച്ചു നടത്തം!
ഒരിക്കൽ എന്നേക്കുമായി ഉപേക്ഷിച്ച അസത്യ പ്രമാ
ണങ്ങളെയും ആചാരങ്ങളെയും വീണ്ടും തഴുകാനും പുണരാ-
നും മറ്റുള്ളവരെക്കൂടി അതിലേക്ക് നടത്തുവാനുമുള്ള
ഒരു ശ്രമം. ഒരു കാലത്ത് ഇരുട്ടിൽ നിന്നും ഒരു സത്യവി-
ത്തെ നിത്യതയെന്ന വെളിച്ചത്തിന്റെ, വേർപാടി
നെ കാണിച്ച ചിലർ ആ ജനത്തെയും തങ്ങളെത്തന്നെ
യും വലിച്ചെറിഞ്ഞ് പണ്ടു വലിച്ചെറിഞ്ഞവയെ സ്വീകരിക്കുന്നു.
അതെ നാം ഇന്ന് അൽപമായി കാണുന്ന ആ തിരിച്ചു
പോക്ക് പൗരോഹിത്യത്തിന്റെ മതിൽ ചുവരിൽ സ്വയം
കെട്ടിയിടുവാൻ വെമ്പൽ കൊള്ളുന്നവർ. അവരെ
വിധിക്കുവാൻ നാം അതുള്ള യോഗ്യരുമല്ലായിരിക്കാം
എന്നാലും നമുക്ക് അവർക്കായി പ്രാർത്ഥിക്കാം...
എബ്രായർ 4:14 : ആകാശത്തിൽ കൂടെ കടന്നു പോയോ
രു ശ്രേഷ്ഠ മഹാ പുരോഹിതൻ. പുതിയനിയമത്തിലെ
തന്നെ ഏറ്റവും പ്രധാനമായ എബ്രായ ലേഖനം എഴുതു-
വാനുണ്ടായ സാഹചര്യം നമുക്കറിയാം. ആദിമ സഭയിലെ
പീഡനം നിമിത്തം അനേകംപേർ യേശുവിലുള്ള ഏകാഗ്ര-
ത വിട്ട് ദൂതൻമാരെയും യാഗങ്ങളെയും, യെഹൂദ പാരമ്പര്യ
ത്തെയും വീണ്ടും സ്വീകരിക്കുവാൻ തുടങ്ങിയപ്പോൾ അവരെ
സത്യം മനസ്സിലാക്കി അതിലേക്ക് നടത്തുവാനും തിരുത്തു
വാനുമുള്ള ഒരു ശ്രമമായിരുന്നു എബ്രായ ലേഖനം.

അപൂർണ്ണമായ, നിത്യമല്ലാത്ത, പരിഹാരവും ഇല്ലാത്ത യാഗത്തിനു പകരമായി നിത്യയാഗമായ, ക്രിസ്തു നമുക്കായി സ്വയം യാഗമായെന്ന് അവർക്കു മനസ്സിലാക്കുവാനും കൂടിയായിരുന്നു ഹെബ്രായ ലേഖനം എഴുതിയിട്ടുള്ളത്.

നമുക്കറിയാം പൗരോഹിത്യം ദൈവം കല്പിച്ചാക്കിയതായിരുന്നു. പുറപ്പാട് പുസ്തകത്തിൽ 28-ാം അദ്ധ്യായം മുതൽ അതു വ്യക്തമായി വിവരിക്കുന്നു. ഒരു പുരോഹിതൻ സൂക്ഷിക്കേണ്ട, അനുഷ്ഠിക്കേണ്ട മൂന്നു കാര്യങ്ങൾ.

i. ശുദ്ധത - അവർ സ്വയം ശുദ്ധിയുള്ളവരും പുറം ലോകത്തിൽനിന്നു ശുദ്ധതയും വൃത്തിയും സൂക്ഷിക്കണം.

ii. വസ്ത്രധാരണം - പുരോഹിതന്റെ വസ്ത്രധാരണത്തെക്കുറിച്ചുള്ള വ്യക്തമായ നിർവ്വചനം.

iii. വേർതിരിച്ച്, വിശുദ്ധമാക്കുക.

ഒരു പുരോഹിതന്റെ ചുമതലകളാകട്ടെ ആരാധിക്കുക, ബലിയർപ്പിക്കുക, പ്രവചിക്കുക, വിശുദ്ധ ജീവിതം നയിക്കുക, ദൈവത്തിനായി ജീവിക്കുക, ദൈവത്തിനു കണക്കു ബോധിപ്പിക്കുക. മനുഷ്യത്വം ദൈവവുമായി നിരപ്പിന്റെ ശുശ്രൂഷ ചെയ്യുക.

ഹെബ്രായ ലേഖനം ഈ പറഞ്ഞ പുരോഹിതനെക്കുറിച്ചല്ല പ്രതിപാദിക്കുന്നത്, യേശുവെന്ന മഹാപുരോഹിതനെക്കുറിച്ചാണ്.

നമ്മുടെ ബലഹീനതയിൽ സഹതാപം കാണിക്കുന്നവൻ, പാപം ഒഴികെ നമുക്കു തുല്യനായിരുന്ന, മനുഷ്യനായി ജനിച്ചവൻ, കരുണ ലഭിക്കുവാൻ തക്കസമയത്തു സഹായത്തിനു ധൈര്യത്തോടെ മനുഷ്യനു സമീപിക്കാവുന്ന ഒരു മഹാപുരോഹിതൻ. അവൻ ദൂതൻമാരെക്കാളും ഉന്നതൻ. മോശയെക്കാൾ ഉത്തമൻ. ദൈവത്താൽ നിയമിതൻ. പവിത്രൻ, നിർമ്മലൻ, നിത്യമായ പൗരോഹിത്യം ഉള്ളവൻ, പാപങ്ങളോട് വേറിട്ടവൻ [പാപികളെ സ്നേഹിക്കുന്നവൻ]

സ്വർഗ്ഗത്തെക്കാൾ ഉന്നതൻ, സ്വയം യാഗമായിത്തീർന്ന പുരോഹിതൻ.


അവന്റെ വാസസ്ഥലം ദൈവത്തിന്റെ വലതു ഭാഗത്ത്. ദൈവം സൃഷ്ടിച്ച കൂടാരത്തിലെ ശുശ്രൂഷകൻ മാത്രമല്ല, അവന്റെ ക്രമം മെല്ക്കിസെദെക്കിന്റെ ക്രമമാണ് [ഹെബ്രായർ 5:6, 6:20] ആരാണ് മെല്ക്കിസെദെക്ക്?. വേദപുസ്തകത്തിൽ ഉല്പത്തിയിലും, സങ്കീർത്തനത്തിലും അവനെക്കുറിച്ച് പ്രതിപാദിക്കുന്നു. [ഉല്പ: 14:17... സങ്കീ: 110:4]



. അവന്നു പിതാവില്ല, മാതാവില്ല, വംശപാരമ്പര്യവുമില്ല. ആദിയും അവസാനവും പ്രതിപാദിച്ചിട്ടില്ല. പക്ഷെ അവനെ ദൈവപുത്രനു തുല്യനായി ഹെബ്രായലേഖനം പറയുന്നു. ഇന്നു പലരും തങ്ങളുടെ കുടുംബ പാരമ്പര്യത്തെക്കുറിച്ചു വീമ്പിളക്കുമ്പോൾ ഓർക്കുക യേശുക്രിസ്തുവിന്റെ പാരമ്പര്യത്തെ വിശുദ്ധഗ്രന്ഥം പ്രതിപാദിക്കുന്നത് മെല്ക്കിസെദെക്കിനു തുല്യമായാണ്. പാരമ്പര്യ പ്രഖ്യാപനം വ്യർത്ഥമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു.

മെല്ക്കിസെദെക്ക് ദശാംശം വാങ്ങിയതു ലേവിയിൽ നിന്നുമാണ്. അതെ പൗരോഹിത്യത്തിന്റെ യാഥാസ്ഥി-കയിൽ നിന്നുമുള്ള വ്യതിചലനം.

ഇവിടെയെല്ലാം കാണുന്നതു യേശുവെന്ന മഹാ പുരോഹിതൻ അഹരോന്യ പാരമ്പര്യത്തിൻ കീഴിലല്ല, മറിച്ച് മെല്ക്കിസെദെക്കിന്റെ ക്രമപ്രകാരമാണ്. യെഹൂദ വംശത്തിൽ നിന്നു യേശു ജനനമെടുത്തെങ്കിൽ അന്നു വരെ തുടർന്ന പൗരോഹിത്യ പാരമ്പര്യത്തെ തന്നെ എന്നന്നേക്കുമായി മാറ്റി. ഒരു നിത്യ പുരോഹിതനായി ഒരിക്കലായി യാഗമർപ്പിച്ച് [സ്വയം] പൗരോഹിത്യത്തിന്റെ ബന്ധനത്തിൽ നിന്നും



മോചിക്കുകയത്രെ ചെയ്തത്. അതെ മാറുന്ന ഒരു
പൗരോഹിത്യവും ന്യായപ്രമാണവും. അതിനെ കൂടാതെയുള്ള
ഒരു പൗരോഹിത്യം.

ഈ ലോകത്തിലെ പുരോഹിതർക്ക് അനേകമായ
കുറവുകളുണ്ടായിരുന്നു.

i. ബലഹീനർ, അറിവില്ലാത്തവർ, വഴിതെറ്റി
പോകുന്നവരോട് സഹതാപം കാണിക്കാത്തവർ, [വേണമെ
ങ്കിൽ അവരെ വഴിതെറ്റിപോകുന്നവർ എന്നു വിളിക്കാം
കാരണം അവരും പാപത്തിനു അധീനരായിരുന്നില്ല.]
അവർ തങ്ങൾക്കു വേണ്ടിയും പാപയാഗം അർപ്പിക്കുന്നവർ,
ആദ്യം സ്വന്തം പാപത്തിനും പിന്നെ ജനത്തിന്റെ പാപ
ത്തിനായും യാഗം അർപ്പിക്കുന്നു. അവരുടെ പൗരോഹിത്യം
മാറിപോകുന്നതായിരുന്നു. മരണത്താലെ ആ പുരോഹിതൻ
മാറ്റപ്പെടുന്നു. അവർ അനേകർ ഉണ്ടായിരുന്നു. യേശുവിന്റെ
ജനനസമയത്തു 24 കൂറുകളുണ്ടായിരുന്നതായി നമുക്കു കാണുവാൻ
സാധിക്കും.

യേശുകർത്താവിന്റെ ക്രൂശുമരണത്തോടെ മാറ്റി
എഴുതപ്പെട്ട രണ്ടു പ്രധാന സംഭവങ്ങളാണ് പൗരോഹിത്യവും
ന്യായപ്രമാണവും. ന്യായപ്രമാണത്തെ ഹൃദയത്തിൽ, ജഡപ്പല
കയിൽ എഴുതി. ന്യായപ്രമാണത്തെ ഇല്ലായ്മയല്ല ചെയ്ത
ത് നിവർത്തിക്കുകയാണ് ചെയ്തത്. പാപപരിഹാരത്തി
ന് ഒരു യാഗവും അവശേഷിച്ചില്ല. പാപമോചനത്തിന്
ഒരു പ്രമാണമല്ല, യേശുവിലുള്ള വിശ്വാസമത്രെ വേണ്ടത്.
യേശു ക്രിസ്തുവിലൂടെ ദൈവത്തിന്റെ കൃപയിലൂടെ
പാപമോചനം പ്രാപിച്ച് വിശുദ്ധീകരണവും, യേശുവിന്റെ
കൂട്ടവകാശവും പുത്രത്വവും നമുക്ക് നല്കപ്പെട്ടു.

എല്ലാ തിരുവെഴുത്തുകളും നിവർത്തിക്കപ്പെ-
ട്ടു. ഒരിക്കലായി ഒരു ബലി നമുക്കായി, വരും തല-
മുറകായിക്കൂടെ അർപ്പിക്കപ്പെട്ടു. ഇനിയും ഒരു പുരോഹിത
മദ്ധ്യസ്ഥൻ ആവശ്യമില്ല. കാരണം യേശുവിന്റെ മരണ
ത്താലെ പാപമോചനം മാത്രമല്ല പുത്രത്വവും ലഭിച്ചു.

പുത്രൻമാർക്ക് ധൈര്യത്തോടെ പിതാവിന്റെ സന്നിധിയിൽ
അപേക്ഷകളും പ്രാർത്ഥനകളും അർപ്പിക്കാം. എല്ലാ നിയമങ്ങ
ളും മാറ്റി എഴുതപ്പെട്ടു. അത് ഹൃദയഫലകയിലാക്കി. എല്ലാ
പാപവും മോചിച്ച് നമ്മെ സ്വയം ഒരു ആലയമാക്കി ദൈവ
ത്തിനു നമ്മിൽ തന്നെ വസിക്കുമാറാക്കി. അതെ നാം അവൻ
വസിക്കുന്ന ആലയമാണ്.

യേശുവിന്റെ കുരിശുമരണ സമയത്ത് ജെറുസലേം
ദേവാലയത്തിന്റെ ചീന്തപ്പെട്ട തിരശ്ശീലയും മഹാപുരോഹിത
ൻ കീറിയ തന്റെ പൗരോഹിത്യത്തിന്റെ വിശിഷ്ട വസ്ത്ര
വും [മർക്കോസ് 14:63] സൂചിപ്പിക്കുന്നത് കാലഹരണപ്പെട്ട
ഒരു പൗരോഹിത്യത്തിന്റെ തെളിവുകളായാണ്.

ഇനിയുമൊരു പുരോഹിതനില്ലേ?

1 പത്രോസ് 2:9-ൽ പറയുന്നു "നാമെല്ലാം രാജകീയ പുരോഹി
തവർഗ്ഗവും സ്വന്തജനവും, വിശുദ്ധവംശവുമാണെന്ന്". അതെ
യേശുവിൽ വിശ്വസിച്ച് അവന്റെ കൽപനകളെ പ്രമാണിക്കുന്ന
വേർപെട്ട ജീവിതം നയിക്കുന്ന ഓരോരുത്തരും ഓരോ പുരോ
ഹിതനാണ്. യേശു കർത്താവ് നമ്മുടെ മഹാ പുരോഹിതനും.
നാം ഓരോരുത്തരും പുരോഹിതൻ മാത്രമല്ല ദൈവം വസി
ക്കുന്ന ആലയവുമത്രെ.

യേശുവിന്റെ മരണത്താലെ പൗരോഹിത്യ
ത്തിന്റെയും ന്യായപ്രമാണത്തിന്റെയും നുകത്തിൽ നിന്നും
നാം സ്വതന്ത്രരായി. നാം ഇപ്പോൾ പുരോഹിതവർഗ്ഗമാണ്. നാം
പരിശുദ്ധാത്മാവ് വസിക്കുന്ന ദേവാലയങ്ങളാണ്. നാം വീണ്ടും വ്യർ
ത്ഥ പാരമ്പര്യത്തിലേക്കോ പൗരോഹിത്യത്തിലേക്കോ അല്ല
തിരിഞ്ഞു നടക്കേണ്ടതു മറിച്ച് വിശുദ്ധിയും വേർപാടും കാത്തു
സൂക്ഷിച്ചു നല്ല ഫലങ്ങളെ പുറപ്പെടുവിച്ചു നിത്യതയ്ക്കായി ഒരു-
ങ്ങുക. ഒരിക്കൽ ഉപേക്ഷിച്ചതിനെ സ്വീകരിക്കുവാനല്ല, ദിനം-
പ്രതി മനസ്സു പുതുക്കി രൂപാന്തരപ്പെടുവാനത്രെ ദൈവം
ആഗ്രഹിക്കുന്നത്.

"അതി വിശുദ്ധ സ്ഥലത്തു നിന്നും വീണ്ടും നാം
പ്രാകാരത്തിലേക്കു നടന്നു നീങ്ങേണ്ടതുണ്ടോ?"



# ദൈവം അടുത്തിരിക്കുന്നു...

ബ്രദർ :നൈനാൻ തോമസ്

ഒരു വീട്ടിൽ അതിഥി വരുമ്പോൾ എത്ര മാത്രം വൃത്തിയായി, ശുദ്ധിയായി, അടുക്കും ചിട്ടയുമുള്ളതായി സുക്ഷിക്കുമോ അതുപോലെ, മനസ്സിനോട് നമുക്ക് പറയാം കർത്താവ് ഉണ്ട്. വേണ്ടാത്തതു ഒന്നും ചിന്തിക്കരുത്. രണ്ടാമത് നല്ലതു മാത്രം ചിന്തിക്കുവാൻ മനസ്സിനെ പരിശീലിപ്പിക്കുക. എല്ലാത്തിലും നന്മ കാണുവാൻ. സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നിർമ്മലമായതു ഒക്കെയും വിശുദ്ധമായതു ഒക്കെയും ചിന്തിക്കുവാൻ തുടങ്ങിയാൽ നമ്മുടെ മനസ്സ് ആ ചിന്തയിലൂടെ പവിത്രമാകും. അങ്ങനെ അത് നമ്മുടെ സ്വഭാവമായി മാറും.



വായനാഭാഗം :ഫിലിപ്പിയർ 4: 4-9

കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ ; സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നയും പറയുന്നു.നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു.

(വാക്യം 4:5)

ഹൃദയത്തെയും മനസ്സിനെയും കാക്കുക എന്നുള്ളത് എല്ലാവർക്കും ഒരു പ്രശ്നം തന്നെയാണ്. പലപ്പോഴും നമ്മുടെ കൈപ്പിടിയിൽ നിന്ന് വഴുതിപ്പോകുന്നതാണ് ഹൃദയവും മനസ്സും. ഫിലിപ്പിയർക്കുള്ള കത്ത് പൗലോസ് അപ്പോസ്തലൻ എഴുതുന്നത് ജയിലിൽ നിന്നാണ്. തടവറയിൽ ഹൃദയവും മനസ്സും കൈവിട്ടുപോകുവാൻ സാധ്യതയേറെയാണ്. പ്രതികൂലമായ സാഹചര്യത്തിലും തന്റെ ഹൃദയത്തെയും നിനവുകളെയും സൂക്ഷിച്ചിരുന്ന അപ്പോസ്തലൻ എങ്ങനെ ഇവയെ സാധ്യമാക്കി എന്നും ദുഷ്കരമായ സാഹചര്യത്തിൽ മനസ്സ് വല്ലാതെ വിചാരപ്പെടുകയും നിയന്ത്രണാധീതമായിത്തീരുമ്പോഴും എങ്ങനെ ഹൃദയത്തെ ദൈവസ്നേഹം കാക്കുന്നു എന്ന് ഈ ലേഖനത്തിലൂടെ നാം ചിന്തിക്കുന്നത്.

i. ദൈവത്തിലുള്ള ദൃഢവിശ്വാസം.
ii. പ്രായോഗിക ജ്ഞാനം.



i. ദൈവത്തിലുള്ള വിശ്വാസം.

ദൈവം അടുത്തിരിക്കുന്നു. [God is near] [4:5]

മനസ്സിനെ നിയന്ത്രിക്കുവാൻ, കൈപ്പിടിയിൽ നിർത്തുവാനുള്ള ഏറ്റവും നല്ല ഉപാധി 'കർത്താവ് അടുത്തിരിക്കുന്നു' എന്നുള്ള തിരിച്ചറിവാണ്. വാസ്തവത്തിൽ ഈ ബോധ്യം നമ്മെ വേറിട്ട ചിന്തയിലേക്ക് നയിക്കും. ഹൃദയത്തിൽ ആശ്വാസം അനുഭവിക്കാം ഈ തിരിച്ചറിവു മൂലമായിരിക്കും. നാം ചെയ്യുന്ന പ്രവൃത്തികളിൽ, മിനിസ്ട്രിയിൽ, ശുശ്രൂഷയിൽ, ജോലിയിൽ എല്ലാം കർത്താവ് നമ്മുടെ തൊട്ടടുത്ത് ഉണ്ടെങ്കിൽ വലിയ ആശ്വാസം പകരുന്നതായിരിക്കും ഈ ബോധ്യം.

ദൈവം അടുത്തിരിക്കുന്നു എന്നുള്ള തിരിച്ചറിവ് പ്രധാനമായ രണ്ട് കാര്യങ്ങളെ ചൂണ്ടിക്കാണിക്കുന്നു.

i. നാം ഒറ്റയ്ക്കല്ല എന്നുള്ള വളരെ വലിയ ആശ്വാസം.

ഒട്ടുമിക്ക സന്ദർഭങ്ങളിലും പ്രശ്നങ്ങൾ മുമ്പിൽ വന്നു നിൽക്കുമ്പോൾ മാനസിക പിരിമുറുക്കം, മനസ്സ് വഴിവിട്ടു പോകുക, കോപവും, ദേഷ്യവും, ഉണ്ടാകുന്നതും നിയന്ത്രണാതീതമായി മനസ്സ് കൈവിട്ടുപോകുന്നതിന്റെയും കാരണം, ഞാൻ ഒറ്റയ്ക്കാണ്, എന്റെ കാര്യം നോക്കുവാൻ ഞാനല്ലാതെ വേറെയാരുമില്ല എന്നുള്ള ചിന്തയാണ്. കർത്താവ് കൂടെയുണ്ട് എന്നുള്ള തിരിച്ചറിവ് നമ്മുടെ മുഖത്ത് പ്രതികൂല സാഹചര്യങ്ങളിലും സൗമ്യതയെ വിളയാടിക്കും. നേരെമറിച്ച് എന്റെ കൂടെയാരുമില്ല, ഞാനിതെല്ലാം ഒറ്റയ്ക്ക് സഹിക്കണം എന്നുള്ള തോന്നലുകൾ സൗമ്യതയിൽ നിന്നു ശാന്തതയിൽ നിന്നും മാറി അശാന്തതയിലേക്ക് നയിക്കപ്പെടുന്നത്. അതുകൊണ്ടാണ് നമ്മുടെ ദേഷ്യവും വെപ്രാളവും ഒക്കെ പുറത്തു വരുന്നത്. പൗലോസിന് ജയിലറകളിലും തന്റെ മനസ്സിനെ നിയന്ത്രിച്ചു നിർത്തുവാൻ സാധിച്ചത്, തന്റെ സൗമ്യത മറ്റുള്ളവരെ അറിയിക്കുവാൻ കഴിഞ്ഞതു, തന്റെ അരികെ കർത്താവുണ്ടെന്നുള്ള ബോധ്യമാണ്. നമ്മുടെ ഭയം, വേദനകൾ മാറ്റിവയ്ക്കുവാനൊരിടം.

ii. കർത്താവു അടുത്തുണ്ടെന്നുള്ള ബോധ്യം നമുക്ക് ആശ്വാസം മാത്രമല്ല ഒരു പേടികൂടെ കൊണ്ടുവരുന്നതാണ്.

നമ്മുടെ ഭവനത്തിൽ ഒരു അതിഥിയുണ്ടെങ്കിൽ, അദ്ദേഹം ബഹുമാന്യനാണെങ്കിൽ നാം എത്രമാത്രം ജാഗരൂകരായിരിക്കും. നമ്മുടെ വാക്കുകൾ അളന്നു തൂക്കിയായിരിക്കും പുറത്തേക്ക് വിടുന്നത്. വീട് ഒരുക്കവും ചിട്ടയും ഒക്കെ കാണും. കർത്താവ് കൂടെയുണ്ടെന്നുള്ള തോന്നൽ നമുക്കുണ്ടായാൽ മനസ്സ് ഒരിക്കലും അരുതാത്ത ചിന്തയിലേക്ക് പോകുകയില്ല. മനസ്സിന്റെ അകത്തെ ചിന്തപോലും ശുദ്ധമായിരിക്കും. കാരണം കർത്താവ് നമ്മുടെ ചിന്തകൾ പോലും തിരിച്ചറിയുന്നവനാണ്.

കർത്താവ് നമ്മുടെ രാജാവാണെങ്കിൽ രണ്ടു കാര്യമാണ്. ഭയം മാറും, ആശ്രയം വർദ്ധിക്കും. കർത്താവ് കൂടെയുള്ള-പ്പോൾ സ്നേഹത്തിൽ നിന്നുള്ള ഭയം. എന്റെ വാക്കുകൾ കർത്താവിനെ വേദനിപ്പിക്കരുതെന്നുള്ള വിചാരം, മനസ്സിനെ നിയന്ത്രിക്കുവാൻ സഹായിക്കും.

നാം മിക്കവരും നമ്മുടെ പ്രശ്നങ്ങളെ മറ്റുള്ളവരുമായി പങ്കു വയ്ക്കുകയും നമ്മുടെ സന്തോഷം കർത്താവിനെ അറിയിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ ഇതിന് പാടേ വിരുദ്ധമായാണ് ചെയ്യേണ്ടത്. പ്രശ്നങ്ങൾ കർത്താവിനെ അറിയിക്കുകയും സന്തോഷം മനുഷ്യൻ അറിയുകയും വേണം. മനുഷ്യർ ഒക്കെയും എന്റെ വിഷമങ്ങളും പ്രയാസങ്ങളും അറിയണമെന്നും നമ്മെ മനസ്സിലാക്കണമെന്നും നാം ചിന്തിക്കുന്നു. എന്നാൽ നമ്മുടെ സന്തോഷം മനുഷ്യനാണ് അറിയേണ്ടത്. അല്ലാതെ ദൈവമല്ല. ദൈവം കാണേണ്ടത് നമ്മുടെ വിഷമവും, ദേഷ്യമുള്ള മുഖവും ഒക്കെയാണ്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറയുന്നത്, നിങ്ങളുടെ പ്രശ്നങ്ങൾ ഒക്കെ പ്രാർത്ഥനയാലും അപേക്ഷയാലും ദൈവത്തോട് അറിയിക്കുക. മനുഷ്യന് നിങ്ങളുടെ ചിരി സമർപ്പിക്കുക.

നമ്മുടെ കുടുംബത്തിൽ എല്ലാവരും നമ്മുടെ ചിരിക്കുന്ന മുഖം കാണട്ടെ. കൂടെ ജോലി ചെയ്യുന്നവർ, കൂട്ടു വിശ്വാസികൾ, നമ്മെ പിന്തുടരുന്നവർ, അവർക്കെല്ലാം നമ്മുടെ ചിരിക്കുന്ന മുഖം സമർപ്പിക്കുക. എന്നാൽ യേശു കർത്താവിന് നമ്മുടെ കരയുന്നതും വിഷമിക്കുന്നതുമായ മുഖം. ഭാരങ്ങൾ എല്ലാം അവിടെയാണ് ഇറക്കി വയ്ക്കേണ്ടത്. രഹസ്യത്തിൽ കാണുന്ന പിതാവ് ഇതൊക്കെയും കാണട്ടെ!.

II പ്രായോഗിക ജ്ഞാനം. നമ്മുടെ ചിന്തകൾ.

സത്യമായതും ഉത്തമമായതും നീതിയും നിർമ്മലമായതും ചിന്തിക്കുവാൻ മനസ്സിനെ പഠിപ്പിക്കുക. മറ്റുള്ളതൊക്കെ കേൾക്കയാവാം. സത്ഗുണമല്ലാത്തതും, സത്യമല്ലാത്തതും ഉത്തമമില്ലാ-

ത്തതും മറ്റുള്ളവരെ പറ്റിയുള്ള തെറ്റായ അറിവുകൾ, മറ്റുള്ളവരെ കാഴ്ചകാണിക്കുന്ന കാര്യങ്ങൾ. ഇന്നത്തെ മീഡിയായിലും മറ്റു ഇത്തരം അനേകകാര്യങ്ങൾ ഞാൻ വായിച്ചു പോയേക്കാം. കാരണം നമ്മൾ മീഡിയാ ഉപയോഗിക്കുന്നതിനാൽ. പക്ഷെ അത്ര ചിന്തിക്കുവാനുള്ളതല്ല. സുന്ദരമായത്, അഭിനന്ദനാർഹമായത്, ഉത്തമമായത്, ആരെയെങ്കിലും പ്രശംസിക്കുവാൻ സാധിക്കുന്നത്. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾ ചിന്തിക്കുവാനായി മനസ്സിനെ പാകപ്പെടുത്തിയെടുക്കുക. ചെവിയിൽ പലതും കേൾക്കുവാനിടവരും. എന്നാൽ മനസ്സിനെ അടക്കി അതിനോട് പറയേണം, ആവശ്യമില്ലാത്തത് ഒന്നും ചിന്തിക്കേണ്ട. നാം എന്ത് ചിന്തിക്കുന്നുവോ, അതാണ് നാം ആയിമാറിപ്പോകുന്നത്. നമ്മുടെ സ്വഭാവമായി മാറുന്നത്.

നമ്മുടെ വായനാഭാഗത്തിന്റെ ഏഴാം വാക്യം "സകല അറിവിനെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സിനെയും ക്രിസ്തുയേശുവിൽ കാക്കും".

രണ്ടാമത്, ഒൻപതാം വാക്യം "എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടു കൂടെ ഇരിക്കും."

ഒന്നാമത് ദൈവിക സാന്നിധ്യം


തിരിച്ചറിയുമ്പോൾ ദൈവികസമാധാനവും മനസ്സിനെ നിയന്ത്രിക്കുവാൻ പരിശീലിപ്പിച്ചു കഴിയുമ്പോൾ പിന്നെ നമുക്ക് വേണ്ടി വരുന്നത് സമാധാനത്തിന്റെ ദൈവമാണ്. നമ്മോടു കൂടെയിരിക്കുന്ന ദൈവം. നാം കൂടെ നടക്കുവാൻ തുടങ്ങിയാൽ നമ്മോടു കൂടെ നടക്കുന്ന ദൈവം.

വളരെ ദുഷ്കരമായ ഒരു സാഹചര്യത്തിൽ നിന്നു കൊണ്ടാണ് പൗലോസ് ശ്ലീഹാ ഇതു വിവരിക്കുന്നത്. ജയിലിൽ കിടക്കുമ്പോഴും, സന്തോഷിക്കുവാനും, ചിരിക്കുവാനും, ഒക്കെ കഴിയുന്നത്, ഞാൻ എപ്പോഴും എന്റെ കർത്താവിന്റെ സാന്നിധ്യം തിരിച്ചറിയുന്നതിനാലാണ്. "എന്റെ അടുത്ത് കർത്താവ് ഉണ്ട്!" എന്റെ പ്രശ്നങ്ങൾ അല്ല എന്റെ അടുത്തിരിക്കുന്നത് മറിച്ച് എന്റെ കർത്താവാണ്. എന്റെ കർത്താവ് അടുത്തുള്ളതു കൊണ്ട് എനിക്ക് ആശ്രയമുണ്ട്. എന്റെ കർത്താവ് അടുത്തുള്ളതു കൊണ്ട് കർത്താവിനു ഇഷ്ടമില്ലാത്തതു ചിന്തിക്കുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു വീട് അതിഥി വരുമ്പോൾ എത്ര മാത്രം വൃത്തിയായി, ശുചിയായി, അടുക്കും ചിട്ടയുമുള്ളതായി സൂക്ഷിക്കുമോ അതുപോലെ, മനസ്സിനോട് നമുക്ക് പറയാം കർത്താവ് ഉണ്ട്. വേണ്ടാത്തതു ഒന്നും ചിന്തിക്കരുത്. രണ്ടാമത് മനസ്സിനെ ചിന്തിപ്പിക്കുക നല്ലതു മാത്രം ചിന്തിക്കുവാൻ മനസ്സിനെ പരിശീലിപ്പിക്കുക. എല്ലാത്തിലും നന്മ കാണുവാൻ. സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും, നിർമ്മലമായതു ഒക്കെയും വിശ്രുതമായതു ഒക്കെയും ചിന്തിക്കുവാൻ തുടങ്ങിയാൽ നമ്മുടെ മനസ്സ് ആ ചിന്തയിലൂടെ പവിത്രമാകും. അങ്ങനെ അതു നമ്മുടെ സ്വഭാവമായി മാറും.



" ദൈവത്തിൽ നിന്നും വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുക. ദൈവത്തിനു വേണ്ടി വൻ കാര്യങ്ങൾ ചെയ്യുക "

**"Expect great things from God. Attempt great things for God."**



വില്യം കേറി

[1761-1834]

ഇംഗ്ലണ്ടിലെ ഒരു പാവപ്പെട്ട ചെരുപ്പുകുത്തിയുടെ മകനായി ജനിക്കുകയും ഒരു ചെറുകുടിലിലിരുന്നു ചെരുപ്പ് നന്നാക്കി വരികയും പിന്നീട് ഇന്ത്യയിലെത്തി ആധുനിക മിഷനറി പ്രസ്ഥാനത്തിന്റെ തലതൊട്ടപ്പൻ ആയിത്തീർന്ന വില്യം കേറിയുടെ പ്രശസ്തമായ വാക്കുകളാണിവ.



പള്ളി ആരാധനയിൽ സംബന്ധിക്കുന്നതു കൊണ്ടോ, നല്ലവൻ ആയിരിക്കുന്നതു കൊണ്ടോ മാത്രം ഒരുവൻ ക്രിസ്ത്യാനിയായിത്തീരുന്നില്ലെന്ന് തിരിച്ചറിവ് കേറിയെ മാനസാന്തരത്തിലേക്കു നയിച്ചു. യേശുവിനെ കർത്താവും രക്ഷകനുമായി സ്വീകരിച്ചു. ജോലിയോടുകൂടെ സുവിശേഷവേലയിലും വ്യാപൃതനായി. ക്യാപ്റ്റൻ കുക്കിന്റെ കപ്പൽ സഞ്ചാരത്തെക്കുറിച്ചുള്ള ഗ്രന്ഥം, സുവിശേഷം എത്താത്ത സ്ഥലങ്ങളിൽ യേശുവിനെ പ്രസംഗിക്കുന്നതിന്റെ ആവശ്യകതയെ പറ്റി അദ്ദേഹത്തെ ബോധവാനാക്കി. തന്റെ പണിശാലയുടെ ഭിത്തിയിൽ ഭൂലോകത്തിന്റെ പടം തൂക്കുകയും ആ പടത്തിൽ നോക്കിക്കൊണ്ട് ക്രിസ്തുവിനെ അറിയാത്ത രാജ്യക്കാർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുപോന്ന കേറിയുടെ ഹൃദയം സുവിശേഷവുമായി പോകുവാനുള്ള ആഗ്രഹം വർദ്ധിപ്പിച്ചു.

ബാപ്റ്റിസ്റ്റ് മിഷനറി സൊസൈറ്റിയുടെ ആദ്യത്തെ മിഷനറിയായി അദ്ദേഹം ഇന്ത്യയിലെ ബംഗാളിൽ എത്തിച്ചേർന്നു. ഇന്ത്യയിലെ അനേക ഭാഷകളിൽ നൈപുണ്യം നേടി. ഒട്ടനവധി ഭാഷയിലേക്കു ബൈബിൾ വിവർത്തനം ചെയ്തു.

ഇന്ത്യയിൽ വില്യം കേറിയുടെ കുടുംബം രോഗവും ദാരിദ്ര്യവും കൊണ്ട് വലഞ്ഞു. മകൻ പീറ്റർ അസുഖത്തെ തുടർന്ന് മരണമടഞ്ഞു. മകന്റെ ശവസംസ്കാര ശുശ്രൂഷ പോലും കേറി സ്വയം ചെയ്യേണ്ടി വന്നു. അനുദിന ആവശ്യങ്ങൾക്കു പോലും ബുദ്ധിമുട്ടിയെങ്കിലും കേറിയുടെ വിശ്വാസം ഉറച്ചതായിരുന്നു. 'ദൈവം സകലത്തിനും മതിയായവൻ' എന്നു അദ്ദേഹം എഴുതി.

ഇന്ത്യയിലെ സാമൂഹ്യ അനാചാരങ്ങൾ തുടച്ചു നീക്കുവാൻ അദ്ദേഹം പരിശ്രമം നടത്തി. 'സതി' പോലെയുള്ള ദുരാചാരങ്ങൾ നിർത്തലാക്കുവാൻ അദ്ദേഹം അക്ഷീണം പോരാടി.

മരിക്കുന്നതിനു മുൻപ് നാല്പതിലധികം പൗരസ്ത്യഭാഷകളിലേക്ക് വില്യം കേറി പുതിയ നിയമം പരിഭാഷപ്പെടുത്തി. ലോകത്തിലെ മൂന്നിലൊന്നു ഭാഗം ജനതയ്ക്കു അവരുടെ സ്വന്തം ഭാഷയിലേക്ക് അദ്ദേഹം ബൈബിൾ നല്കി. "എന്റെ കാലശേഷം വില്യം കേറിയെ കുറിച്ചല്ല, പ്രത്യുത കേറിയുടെ രക്ഷകനെ പറ്റിയാണ് പറയേണ്ടത്" എന്ന് അദ്ദേഹം അന്ത്യസമയത്തു ഓർമ്മപ്പെടുത്തി.

പ്രിയമുള്ളവരെ, ഇംഗ്ലണ്ടിൽ നിന്നും ഇന്ത്യയിലെത്തി ക്രിസ്തുവിന്റെ വെളിച്ചമായിത്തീർന്ന വില്യം കേറി, ഒരു നിമിഷവും പാഴാക്കാതെ തന്റെ ജീവിതത്തെ ദൈവത്തിനായി പ്രയോജനപ്പെടുത്തി. ആധുനിക മിഷനറി പ്രസ്ഥാനത്തിന്റെ പിതാവായ കേറി നമുക്ക് ഒരു വെല്ലുവിളിയാണ്. സാഹചര്യങ്ങൾ സകലതും പ്രതികൂലമായിട്ടും അദ്ദേഹം ക്രിസ്തുവിന്റെ വെളിച്ചമായിരുന്നു. എന്നാൽ സാഹചര്യം അനുകൂലമായ നമുക്ക് ക്രിസ്തുവിന്റെ വെളിച്ചമായിത്തീരുവാൻ സാധിക്കുന്നുണ്ടോ?

"ദൈവത്തിൽ നിന്നും വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുക
ദൈവത്തിനു വേണ്ടി വൻകാര്യങ്ങൾ ചെയ്യുക"



ബ്രദർ. ഷിബു ഡാനിയേൽ

# അനുതാപം

**തി**രിച്ചു പടവുകൾ ഇറങ്ങുമ്പോഴും മിഴികൾ തോർന്നിട്ടില്ല. കണ്ണീർ ചാലുകൾ മുറിഞ്ഞിട്ടില്ല... പുറത്തു മഴ പെയ്തു തീർന്നിരിക്കുന്നു... മഴ ചാലുകൾ അപ്പോഴും ഒഴുകി കൊണ്ടേയിരിക്കുന്നു... പറമ്പിലെ ശേഷിച്ച മരങ്ങൾക്കു വികൃതിയില്ല... പകരം മരം പെയ്യുന്നു... എന്റെ കണ്ണിലെ ഉറവ പോലെ... ആശ്വാസത്തിന്റെ ഉറവ പോലെ... മൂടികെട്ടിയ ആകാശം വെള്ളകീറുവാൻ ആരംഭിച്ചിരുന്നു. എന്റെ ഉള്ളിലെ വെളിച്ചം പോലെ...

കുറെ ദിവസമായി മൂടിക്കെട്ടിയ അന്തരീക്ഷമാണ്. തണുത്ത കാറ്റും വീശുന്നുണ്ട്. രണ്ടു മൂന്നു ദിവസമായി മഴയ്ക്കുള്ള ലക്ഷണമാണ്. പെയ്തൊഴിയുവാൻ വെമ്പൽ കൊള്ളുന്ന മേഘങ്ങൾ ആരുടെയോ പ്രേരണയാൽ എങ്ങോട്ടൊക്കെയോ ഒഴുകിപ്പോകുന്നു. തുടരെയുള്ള ഈ പ്രതിഭാസം അന്തരീക്ഷത്തിൽ പൊടിപടലവും മാലിന്യവും വർദ്ധിപ്പിക്കുന്നു. പറമ്പിൽ അവശേഷിക്കുന്ന രണ്ടു മൂന്നു മരങ്ങൾ വാശിയോടെ തലകൾ അങ്ങോട്ടും ഇങ്ങോട്ടും വെട്ടിക്കുന്നു. പ്രകൃതിയുടെ ഈ വികൃതിയോട് ഏറെക്കുറെ സമാനമാണ് എന്റെ മനസ്സും. പെയ്തൊഴിയുവാൻ പാകത്തിൽ കാറും കോളും മൂടി നിൽക്കുന്നു. എങ്കിലും സാധിക്കാത്ത ഒരു തരം മരവിപ്പ്. തുറന്നു പറഞ്ഞു മനസ്സിലുള്ള കാർമേഘം ഒന്നു പെയ്തൊഴിഞ്ഞിരുന്നുവെങ്കിൽ...

'ഞാൻ മിണ്ടാതെയിരുന്നപ്പോൾ
നിത്യമായ ഞരക്കത്താൽ
എന്റെ അസ്ഥികൾ ക്ഷയിച്ചു പോയി
രാവും പകലും നിന്റെ കൈ
എന്റെ മേൽ ഭാരമായിരുന്നു.
എന്റെ മജ്ജ വേനൽക്കാലത്തിലെ
ഉഷ്ണത്താൽ എന്നപോലെ വറ്റിപ്പോയി'


എത്ര കാവ്യാത്മകമായി ദാവീദ് എന്റെ ഹൃദയത്തിലുള്ളത് വർണ്ണിച്ചിരിക്കുന്നു... ഭയം അസ്ഥികളെ ക്ഷയിപ്പിക്കുന്നു. ഇരുട്ടാകുന്നതിനും കാൽ അന്ധകാര പർവ്വതങ്ങളിൽ ഇടറിപ്പോകുന്നതിനും മുൻപേ ദൈവത്തിനു മഹത്വം കൊടുക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ...

കലുഷിതമായ മനസ്സുമായിട്ടാണ് അന്നും ഉറങ്ങുവാൻ കിടന്നത്. നല്ല തണുപ്പുള്ള രാത്രിയാണ്. പുതപ്പിനടിയിൽ ചുരുണ്ടു കൂടുമ്പോഴെ അറിയാതെ നിദ്രയിലേക്കു വീഴേണ്ടതാണ്. എന്നാൽ മനസ്സ് അതിനനുവദിക്കുന്നില്ല. ആടിയുലഞ്ഞ

മരങ്ങളെ ഓർമ്മിപ്പിക്കും വിധം കിടക്കയിൽ തിരഞ്ഞും മറിഞ്ഞും കിടക്കുന്നതിനിടയിൽ എപ്പോഴോ അറിയാതെ മയക്കത്തിലാണ്ടു. കാണുവാൻ ആഗ്രഹിക്കാത്ത നിറമില്ലാത്ത സ്വപ്നങ്ങളാണ് ദൈർഘ്യം കുറഞ്ഞ മയക്കത്തിൽ നിന്നും എന്നെ ഉണർത്തിയത്. ചെറിയൊരു മയക്കവും പ്രക്ഷുബ്ധമായ മനസിനു തെല്ലാശ്വാസവും കൊണ്ടുവരുവാൻ ഉതകുന്നതായിരുന്നില്ല.

ഇന്നലെ തീരുമാനിച്ചിടത്തേക്കു പോയേ പറ്റൂ. കുറെ ദിവസമായി ഈ തീരുമാനം മാറ്റി മാറ്റി വയ്ക്കുന്നു. ഇനിയും അമാന്തിച്ചു കൂടാ... പൊതുവെ മടിയനായ ഞാൻ നിർബന്ധം ഏറെ ആയതിനാലും വേറൊരു തിരഞ്ഞെടുപ്പ് മുൻപിൽ ഇല്ലാത്തതു മൂലവുമാണ് പോകുന്നത്.

വലിയ ഒരു കെട്ടിട സമുച്ചയത്തിലേക്കാണ് അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടു പോയത്. നിരനിരയായി ഭംഗിയായി അടുക്കിവെച്ചിരിക്കുന്ന ചെറുതും വലുതുമായ കെട്ടിടങ്ങൾ മഹാനായ ശിൽപിയുടെ കരവിരുതിനെ ഓർമ്മിപ്പിക്കുന്നു. അനേകരുടെ വർഷങ്ങൾ നീണ്ട കഠിനാധ്വാനത്തിന്റെ ബാക്കിപത്രം.



ഏറ്റവും ഉയർന്നു നിൽക്കുന്ന നൂറമ്പതു മുറികളുള്ള കെട്ടിടമായിരുന്നു ഞങ്ങളുടെ ലക്ഷ്യം.. മേൽവിലാസവും സാഹചര്യവും പറഞ്ഞുകൊടുത്തപോലെ സന്ദർശകരെ സ്വീകരിക്കുവാൻ നിയുക്തനായ ആൾ ഞങ്ങൾക്കു മുറി കാണിച്ചു തരുവാൻ ഒരാളെയും ഞങ്ങളോടൊപ്പം അയച്ചു. ഈ മുറി ഉണ്ടായ സാഹചര്യവും മറ്റും കൂടെ വന്ന വഴികാട്ടി വിവരിക്കുന്നുണ്ടായിരുന്നു. ഞാൻ അലക്ഷ്യമായി കേട്ടുകൊണ്ടു നടന്നു. യാതൊന്നും കേൾക്കുവാൻ മനസിന്റെ പിരിമുറുക്കം എന്നെ അനുവദിക്കുന്നില്ലായിരുന്നു എന്നതാണ് സത്യം.

റിസപ്ഷൻ താണ്ടി ഇടനാഴിയിലേക്കു പ്രവേശി-

ഇപ്പോൾ തന്നെ പലമുറികളിൽ നിന്നും ഉയരുന്ന സംഗീതം കർണ്ണ പടത്തിൽ അടിച്ചു. എന്നെപ്പോലെ ഒരാൾക്കു സംഗീതം ആസ്വദിക്കുവാനുള്ള മാനസികാവസ്ഥ ഇല്ലായിരുന്നു. എങ്കിലും ഞാൻ കാതോർത്തു. സംഗീതത്തിന്റെ പെരുമഴക്കാലം. എല്ലാ മുറികളിലും. സംഗീതം പിടപ്പെടുത്തുന്നവരോ എല്ലാ മുറികളിലും?.

അവിടെയും ഞങ്ങൾ സന്ദർശകരെ കാണുന്നുണ്ടായിരുന്നു. വലിയ നിലകളുള്ള കെട്ടിടമായിട്ടു കൂടെ ലിഫ്റ്റ് അവിടെങ്ങും കാണാനായില്ല. പടവുകൾ ചവിട്ടിത്തന്നെ മുകളിലേക്കു കയറണം. വളരെ ആയാസപ്പെട്ടാണ് എന്റെ നടത്തം. ലിഫ്റ്റ് ഇല്ലാത്തതോ ഞങ്ങൾ കയറിയ എൻട്രൻസ് മറ്റൊന്നോ? ആലോചിക്കുവാനോ വഴികാട്ടിയോടു ചോദിക്കുവാനോ തോന്നിയില്ല. എനിക്ക് എത്രയും പെട്ടന്ന് ആ മുറിയിൽ എത്തണം. അഞ്ചാം നിലയിലാണ് ആ മുറി സ്ഥിതിചെയ്യുന്നത്. കോണിപ്പടി കയറി ഇടനാഴിയിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ കാണായി വലിയ അക്ഷരത്തിൽ മുറിയുടെ നമ്പർ 51- എന്ന് എഴുതിയിരിക്കുന്നത്. അതിനു താഴെ ചെറിയ അക്ഷരത്തിൽ മറ്റെന്തോകൂടി എഴുതിയിരിക്കുന്നു. താല്പര്യമില്ലാത്തതുപോലെ ഞാനൊന്നു നോക്കിയിട്ടു വാതിൽ തുറന്നു അകത്തേക്കു പ്രവേശിച്ചു. വാതിൽ വരെ മാത്രം അനുഗമിച്ചു വഴികാട്ടി പിന്തിരിഞ്ഞു നടന്നു.

സംഘർഷമായ മനസ്സും ഇടറിയ കാലടികളോടും കൂടിയാണ് ആ വലിയ മുറിയിലേക്കു പ്രവേശിച്ചത്. മനോഹരമായി വിരിച്ചിരിക്കുന്ന ചുവപ്പു പരവതാനി. ഇരുവശത്തും ഓരോ ചെടികൾ. ഭിത്തിയിൽ ഏതോ ഒരു പെയിന്റിംഗ് തൂങ്ങി കിടക്കുന്നു. അകത്തെ സ്വീകരണ മുറിയിൽ പ്രൗഢ ഗംഭീരമായ സിംഹാസനം. അതിനൊപ്പം കിടപിടിക്കുന്നതും അല്പം ഉയരം കുറഞ്ഞതുമായ മറ്റൊരു ഇരിപ്പിടവും. സിംഹാസനത്തിൽ യുവ കോമളനായ ഒരു രാജാവ്. സമീപത്തെ ഇരിപ്പിടവും ഒഴിവുള്ളതല്ല. വയോധികനെന്നു തോന്നിക്കുന്ന മറ്റൊരാൾ. യുവഭാവം ദൃഢവും ഗാംഭീരവും.

അവരുടെ സംസാരം കേൾക്കുവാനായി ഞാൻ ഒതുങ്ങി നിന്നു.

നാഥാൻ പ്രവാചകൻ വരുന്നുണ്ടെന്ന് അറിയിച്ചപ്പോൾ തന്നെ സുസ്മേരവദനനായി സിംഹാസനത്തിൽ ഉപവിഷ്ടനായതാണ് ദാവീദ് രാജാവ്. ആലയം പണിയെക്കുറിച്ചു ഞാൻ സൂചിപ്പിച്ചിരുന്നു. ഞാൻ ദേവദാരു കൊണ്ടുള്ള അരമനയിൽ പാർക്കുമ്പോൾ ദൈവത്തിന്റെ പെട്ടകം കൂടാരത്തിൽ. നാഥാൻ പ്രവാചകൻ അനുവാദം തന്നതുമാണ്. വിശദമായ ചർച്ചയ്ക്കായിരിക്കും എത്തുന്നത്. പിന്നെ പട്ടാളക്കാരൻ യുദ്ധത്തിൽ കൊല്ലപ്പെട്ടപ്പോൾ തന്റെ കുടുംബത്തെ കൊട്ടാരത്തിൽ കൊണ്ടു പാർപ്പിച്ചതൊക്കെ അറിഞ്ഞിട്ടാവും വരുന്നത്. എന്തായാലും ഇത്രയും കാര്യം ചെയ്യാൻ സാധിച്ചല്ലോ. ബഹുമാനത്തോടെ നാഥാൻ പ്രവാചകനെ സ്വീകരിച്ചിരുത്തി. പതിവിലും കടുപ്പമേറിയതായിരുന്നു മുഖഭാവം.

സംസാരത്തിനു തുടക്കമിടുവാനായി രാജാവു കുശലാന്വേഷണം നടത്തിയെങ്കിലും അതിലൊന്നിലും ആയിരുന്നില്ല പ്രവാചകന്റെ ശ്രദ്ധ. ആമുഖമില്ലാതെ അദ്ദേഹം ഒരു കഥ പറയുവാൻ തുടങ്ങി. രാജാവും ഒരുങ്ങിയിരുന്നു. കഥ കേൾക്കുവാനായി. കഥ കേൾക്കുവാനും പറയുവാനും ഇഷ്ടം പോലെ സമയവുമുള്ള രാജാവായിരുന്നു ദാവീദ്. രാജാക്കൻമാർ യുദ്ധത്തിനു പുറപ്പെടാറുള്ള വസന്തകാലത്തിൽ ദാസൻമാരെ അയച്ചു രാജകൊട്ടാരത്തിൽ തന്നെയായിരുന്നു അദ്ദേഹം.



കഥ തുടങ്ങി. ഒരു പട്ടണത്തിൽ രണ്ടു പുരുഷൻമാർ ഉണ്ടായിരുന്നു. ഒരുവൻ 'ധനികൻ' മറ്റവൻ 'ദരിദ്രൻ'. ആടുകളും കന്നുകാലികളും ധനികനു ഇഷ്ടം പോലെ. ദരിദ്രൻ അങ്ങനെയല്ല അയാൾ വിലകൊടുത്തു വാങ്ങിയ ഒരു പെൺകുഞ്ഞാട് മാത്രം. ദാവീദിന്റെ താല്പര്യം വർദ്ധിച്ചു. കാരണം മറ്റൊന്നുമല്ല തന്റെ പൂർവ്വകാലം ഓർമ്മിപ്പിക്കുന്ന ആടിന്റെ കഥയായതിനാൽ തന്നെ.

ദരിദ്രന്റെ പെൺകുഞ്ഞാട് അവന്റെ മടിയിൽ വളർന്നുവന്നു. ഈ ആട് വീട്ടിലെ അംഗം തന്നെയായിരുന്നു. തിന്നുന്നതിലും കുടിക്കുന്നതിലും ഓഹരി ലഭിച്ചിരുന്നു ഈ ആടിന്. ഒരേയൊരു ആടായതിനാൽ യജമാനന്റെയും കുടുംബാംഗങ്ങളുടെയും വാത്സല്യം ഏറെ ലഭിച്ചിരുന്നു നമ്മുടെ കഥ നായികയ്ക്ക്.

എന്നാൽ ധനവാന്റെ ഭവനത്തിൽ ഏറെ ആടും കന്നുകാലികളും ഉണ്ടായിരുന്നതിനാൽ ധനവാൻ എല്ലാ ആടിനെയും തിരിച്ചറിഞ്ഞിരുന്നുവോ എന്നു തിട്ടമില്ല. എല്ലാവരുടെയും പേരറിയില്ലെങ്കിലും വഴിപോക്കനുവേണ്ടി ആടിനെ നഷ്ടമാക്കുവാൻ ധനവാൻ തയ്യാറായില്ല. ദരിദ്രന്റെ പെൺകുഞ്ഞാടിനെ കൊല്ലുവാൻ മനഃസാക്ഷിയില്ലാത്ത ധനവാൻ തീരുമാനിച്ചു.

കഥ മുഴുമിപ്പിക്കുവാൻ സമ്മതിക്കാതെ ഉന്തിരിപ്പി-ടിച്ച രാജാവായി ദാവീദ് ചാടി എഴുന്നേറ്റു. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ യഹോവയെ സാക്ഷി നിർത്തി പ്രഖ്യാപനം നടത്തി. ഇങ്ങനെ ചെയ്ത മനുഷ്യൻ മരണയോഗ്യൻ. അവൻ കണ്ണിൽ ചോരയില്ലാതെയാണ് പ്രവർത്തിച്ചത്. ആടിന്റെ നാലിരട്ടി വിലയും നൽകണം.

നാഥാൻ പ്രവാചകൻ രാജാവിന്റെ ചക്ഷുക്കളിലേയ്ക്ക് നോക്കിക്കൊണ്ട് ഗംഭീര സ്വരത്തിൽ പ്രതിവദിച്ചു 'ആ മനുഷ്യൻ നീ തന്നെ'. 'ഇല്ല' ദാവീദിന്റെ ശബ്ദം ഉറച്ചതായിരുന്നു, ഞാൻ അങ്ങനെ ചെയ്തില്ല. ദാവീദ് തിരിച്ചു കഥ പറയുവാനാ-രംഭിച്ചു. ഫെലിസ്ത്യനായ ഗോല്യാത്തിനെ നേരിടുവാനുള്ള യോഗ്യതയ്ക്കുള്ള അപേക്ഷയുമായി ശൗലിനു മുൻപിൽ നിന്നു പറഞ്ഞ അതേ കഥ.

മനുഷ്യനെക്കാളും ശക്തിയുള്ള കരടിയും സിംഹവും എന്നെ വിശ്വസിച്ചു തന്റെ ആഹാരം തിന്നുകൊണ്ടി-രുന്ന ആടിനെ കടന്നു പിടിച്ചു. എന്നാൽ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുവാൻ തയ്യാറായ ഞാൻ ഇത് ചെയ്തില്ല. നാഥാൻ പ്രവാചകന്റെ ശബ്ദം ഉറച്ചതായിരുന്നു. 'ഭൂതകാലത്തിൽ നിന്റെ നടപ്പ് നല്ലതായിരുന്നു എന്നു കരുതി ഈ ഭക്തിയില്ലാത്ത-

കാര്യം ചെയ്തതു നീ അല്ലെന്നു വരികയില്ല. കാരണം എന്നോട് കാര്യം അറിയിച്ചവനെത്തന്നെയാണ് നീയും സാക്ഷി നിർത്തിയിരിക്കുന്നത്. 'ആ മനുഷ്യൻ നീ തന്നെയാണ്.'

ദാവീദു രഹസ്യത്തിൽ ചെയ്ത പാപത്തെ കണ്ടൊഴിയാതെ നാഥാൻ പ്രവാചകൻ വെളിപ്പെടുത്തി. യഹോവക്കു പ്രസാദകരമല്ലാത്ത കാര്യം ചെയ്തതു മൂലമുണ്ടാകുന്ന അനർത്ഥത്തെ കുറിച്ച് അദ്ദേഹം വിവരിച്ചു.

ഈ നേരമത്രയും ശ്വാസമടക്കി പിടിച്ചു കേട്ടുകൊണ്ട് നിന്ന ഞാൻ. ഏറെ വെപ്രാളത്തോടെ തന്റെ പ്രാർത്ഥനാ മുറിയിലേക്ക് രാജാവ് ഓടികയറി. പിരിമുറുക്കത്തോടെ ഞാനും അകത്തേക്ക് കയറി. മുറിക്കകത്തു നെടുമ്പാടു വീണു കിടക്കുന്ന രാജ്യത്തിന്റെ രാജാവ്.

തന്റെ ദയയുടെ അളവിനനുസരിച്ചു, അധികാരവും ഭൂമിയും തന്നിട്ടുള്ള ഉദാരത്തിനനുസരിച്ചു, അളവില്ലാത്ത കരുണക്കനുസരിച്ചു എന്നോടു ക്ഷമിക്കണമേ എന്നു അദൃശ്യനായ ദൈവത്തിന്റെ കാലിൽ കെട്ടിപ്പിടിച്ചു കിടന്നു കരയുന്ന ഇസ്രായേലിന്റെ രാജാവ്.

ഞാൻ ചെയ്ത ലംഘനങ്ങളെ എണ്ണമിട്ടു ഏറ്റുപറയുന്ന ദാവീദ്. രാജാവ് എന്നുള്ള പദവി വേണ്ട, ദേവതാരു കൊണ്ടുള്ള അരമന പ്രധാനമല്ല. തട്ടിട്ട വീടു വേണ്ട, സുന്ദരിമാരായ ഭാര്യമാർ വേണ്ട... ഒരു ലക്ഷ്യം മാത്രം.. രക്ഷയുടെ സന്തോഷം തിരികെ വേണം. എന്റെ അകൃത്യങ്ങളിലേക്കുള്ള നിന്റെ നോട്ടം ഒന്നു പിൻവലിക്കണം. ദിവസങ്ങളോളം ഞാൻ കേൾക്കാതിരുന്ന, ഞാൻ കാണാതിരുന്ന സന്തോഷവും ആനന്ദവും കേൾക്കുവാനും കാണുവാനും ഒന്നു സഹായിക്കണമെ.

പാപം ചെയ്യുന്നതുവരെയും വെളിച്ചത്തെ കുറിച്ചു അന്വേഷിക്കാതിരുന്നവൻ, അന്ധകാരം പിണഞ്ഞ എന്നെ കണ്ടപ്പോൾ കരുണക്കായി യാചിക്കുന്നു. നിർമ്മലമായ ഹൃദയത്തിനായി ഇരക്കുന്നു. ആത്മാവിന്റെ പുതുക്കത്തിനായി കേഴുന്നു. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല.

യാഗപീഠത്തിന്റെ മുകളിൽ ഹൃദയത്തെ തകർത്തും നുറുക്കിയും വച്ചു. ദൈവത്തിനു പ്രസാദമുള്ള യാഗം. ദാവീദിന്റെ പ്രാർത്ഥനയോടു കൂടി എന്റെ പ്രാർത്ഥനയും ചേരുകയായിരുന്നു. രക്ഷയുടെ സന്തോഷം തിരികെ വാങ്ങുവാനുള്ള യാചന.

ദാവീദിന്റെ കണ്ണുനീരോടു കൂടി എന്റെ മിഴിനീരും അലിയുകയായിരുന്നു... എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറയ്ക്കണമെ.

ദാവീദിന്റെ യാചനയോടു എന്റെ അപേക്ഷയും തിരുസന്നിധിയിൽ എത്തുകയായിരുന്നു... അതിക്രമക്കാരോടു ബുദ്ധി ഉപദേശിക്കുവാൻ, പാപികളെ നേർവഴിക്കു നടത്തുവാൻ എന്നെ നിയോഗിക്കണമെ എന്നുള്ള അപേക്ഷ... തിരിച്ചു പടവുകൾ ഇറങ്ങുമ്പോഴും മിഴികൾ തോർന്നിട്ടില്ല. കണ്ണീർ ചാലുകൾ മുറിഞ്ഞിട്ടില്ല... പുറത്തു മഴ പെയ്തു തീർന്നിരിക്കുന്നു... മഴ ചാലുകൾ അപ്പോഴും ഒഴുകിക്കൊണ്ടേയിരിക്കുന്നു... പറമ്പിലെ ശേഷിച്ച മരങ്ങൾക്കു വികൃതിയില്ല. പകരം മഴ പെയ്യുന്നു... എന്റെ കണ്ണിലെ ഉറവ പോലെ... ആശ്വാസത്തിന്റെ ഉറവ പോലെ...

മൂടിക്കെട്ടിയ ആകാശം വെളുക്കുവാൻ ആരംഭിച്ചിരുന്നു. എന്റെ ഉള്ളിലെ വെളിച്ചം പോലെ.

# തണൽ

ജോബി ഡി ജോൺ



ഞാൻ എന്റെ ബാല്യത്തിൽ കളിച്ചു നടക്കുമ്പോഴും
ഇരുന്നു ഞാൻ ആ വൻ തണലിൽ
തഴുകി എന്നെ ചെറു മന്ദസ്മിതത്തോടെ
ഉറങ്ങി ഞാൻ ആ വൻ തണലിൽ

ഞാൻ എന്റെ കൗമാരത്തിൽ നടക്കുമ്പോഴും
കാറ്റും മഴയും കൊള്ളിക്കാതെ
കാത്തു എന്നെ ആ വൻ തണൽ
കണ്ടു ഞാൻ പെയ്തു പോയ മഴയും ചുഴന്നടിച്ചു പോയ കാറ്റും
ഞാൻ ചാരി ആ തണലിൽ നിറ പുഞ്ചിരിയോടെ

എന്റെ യൗവന വസന്തത്തിലും
ഓടി ഞാൻ ആ തണലിൽ ഇരിപ്പാൻ
ആ തണലിൽ ഇരുന്നു ഞാൻ കണ്ടു
ഈ ലോകം വെറും മായ...
ആ വൻ തണലിൽ ഇരിക്കുന്ന അനുഭൂതി
കിട്ടില്ല മറ്റൊന്നിലും...

കൂട്ടുകാരാ ചാരുക ആ വൻ തണലാം യേശുവിൻ മാർവിൽ
ജീവിക്കുക ആ വൻ തണലാം യേശുവിനായ്
സ്വന്തമാക്കുക നീ നിത്യജീവൻ.





# ചോദ്യാവലി

i. യാക്കോബിന്റെ ഏറ്റവും ഇളയ പുത്രൻ ആര്?
ii. ദൈവം മിസ്രയീമിൽ അയച്ച അവസാനത്തെ ബാധ ഏത്?
iii. യഹോവയുടെ സന്നിധിയിലെ തീ പുറപ്പെട്ടു അഹരോന്റെ പുത്രന്മാരായ നാദാബിനെയും അബീഹൂവിനെയും ദഹിപ്പിച്ചു കളഞ്ഞതു എന്തു കാരണത്താലാണ്?


ഉത്തരങ്ങൾ അയക്കേണ്ട വിലാസം
agape.magasine@gmail.com or whats app number 0097150 3243161

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ.

i. ദൈവത്തിന്റെ നിയമപെട്ടകം നിമിത്തം അനുഗ്രഹിക്കപ്പെട്ട ഭവനം?
ഉത്തരം. ഓബേദ് - ഏദോമിന്റെ [1 ദിനവൃത്താന്തം 13:14]

ii. യെഹോശാഫാത്തിനു ധനവും മാനവും കൂടിയപ്പോൾ അവൻ ആരുമായിട്ടാണ് സംബന്ധം കൂടിയത്?
ഉത്തരം. ആഹാബിനോട് [2 ദിനവൃത്താന്തം 18:1]

iii. എന്റെ കണ്ണു ആഗ്രഹിച്ചതൊന്നും ഞാൻ അതിനു നിഷേധിച്ചില്ല, എന്നു ഏറ്റുപറഞ്ഞ യിസ്രായേലിന്റെ രാജാവ് ആര്?
ഉത്തരം: ശലോമോൻ [സഭാപ്രസംഗി 2:10]




*follow us:*

+971 50 3243161 Gmail agape.magasine@gmail.com www.facebook.com/agapemagasine

web: www.agapemagazine.com